"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ്- ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ ചേർത്തല കുത്തിയതോട് എക്സൈസ് റേഞ്ച് ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന-എക്സൈസ് ഇൻസ്പെക്ടർ ശ്രീ.സുനിൽകുമാർ സി എസ്-നെതിരായ അച്ചടക്ക നടപടി-തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.535/2024/TAXES തീയതി,തിരുവനന്തപുരം, 16-06-2024

---

പരാമർശം:-

1. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 27/07/2023-ലെ E6(SC-10/2022/ALP)15933/2022/DVACB നമ്പർ കത്ത്.
2. വിജിലൻസ് വകുപ്പിന്റെ 30/10/2023-ലെ VIG-A2/362/2023/VIG നമ്പർ കത്ത്.
3. 27/11/2023- ലെ നികുതി-എഫ്2/110/2023/നി.വ നമ്പർ കുറ്റാരോപണ മെമ്മോ
4. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. സുനിൽകുമാർ സി എസ് 19/10/2023-ൽ സമർപ്പിച്ച എതിർവാദ പത്രിക
5. എക്സൈസ് കമ്മീഷണറുടെ 25/04/2024 -ലെ EXC/2277/2023-XE5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ ചേർത്തല കുത്തിയതോട് എക്സൈസ് റേഞ്ച് ഓഫീസിലെ ഉദ്യോഗസ്ഥർ അബ്കാരി കേസ്സുകളിൽ ബന്തവസ്സിലെടുക്കുന്ന മദ്യ സാമ്പിളുകളിൽ നിന്നും മദ്യം എടുത്ത് ഉപയോഗിക്കുകയും പകരമായി വെള്ളം നിറച്ച് സീൽ ചെയ്യുന്നതായും ഷാപ്പുകളിൽ നിന്നും സാമ്പിൾ ശേഖരിക്കുന്ന ദിവസം ആനധികൃത പണപിരിവ് നടത്തുന്നു എന്നും മറ്റുമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ആലപ്പുഴ യൂണിറ്റ് 04/05/2023 തീയതിയിൽ കുത്തിയതോട് എക്സൈസ് റേഞ്ച് ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ കേസ്സുകളിൽ ബന്തവസ്സിലെടുക്കുന്ന മദ്യം, പുകയില ഉൽപ്പന്നങ്ങൾ എന്നിവ ദുരുപയോഗം ചെയ്യുവാൻ സാധിക്കുന്ന തരത്തിൽ അലക്ഷ്യമായാണ് സൂക്ഷിച്ചിട്ടുള്ളത് എന്നും അവയുടെ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തുന്നില്ലെന്നും കണ്ടെത്തി അന്വേഷണ റിപ്പോർട്ടും ശുപാർശയും പരാമർശം (1) പ്രകാരം വിജിലൻസ് വകുപ്പിന് നൽകിയിരുന്നു.

2) മിന്നൽ പരിശോധനയിൽ കണ്ടെത്തിയ അപാകതയ്ക്ക് ഉത്തരവാദിയായ കുത്തിയതോട് എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ ശ്രീ.സുനിൽകുമാർ.സി.എസ്-നെതിരെ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് വിജിലൻസ് വകുപ്പ് പരാമർശം (2) പ്രകാരം നൽകിയിരുന്ന

ശിപാർശയുടെ അടിസ്ഥാനത്തിൽ ടിയാന് 1960-ലെ കേരളാ സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (3) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

3) എക്സൈസ് ഇൻസ്പെക്ടർ ശ്രീ.സുനിൽകുമാർ. സി എസ് കുറ്റാരോപണ മെമ്മോയ്ക്ക് പരാമർശം (4) പ്രകാരം സമർപ്പിച്ച എതിർ വാദപത്രികയിൽ ടി ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ സ്ഥലപരിമിതിയാലും, കാലപ്പഴക്കത്താലും ഉപയോഗ ക്ഷമതകുറവ് മൂലം സംഭവിച്ചു പോയിട്ടുള്ളതാണെന്നും, ടി കാലയളവിൽ കണ്ടെടുത്തതും ഡിസ്പോസിബിൾ നടപടികൾ പൂർത്തിയാകാനുള്ളതുമായ തൊണ്ടി മുതലുകൾ സൂക്ഷിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യം നിലവിലെ മുറിയ്ക്ക് ഇല്ലാത്തതും, മറ്റ് മുറികൾ ടി മുറിയേക്കാൾ ചെറുതായതിനാൽ മറ്റ് മുറികളിലേക്ക് ടി വകകൾ മാറ്റുന്നത് പ്രായോഗികമല്ലെന്നും, തുടർനിയമ നടപടികൾ സ്വീകരിക്കേണ്ടതായ തൊണ്ടിവകകൾ ഒന്നിന് പുറകെ ഒന്നായി വെക്കുന്നത് മൂലം നശിക്കപ്പെട്ടുപോകാതെ സുരക്ഷിതമായി സൂക്ഷിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് തൊണ്ടിവകകൾ ക്രമീകരിച്ചു വന്നിരുന്നതെന്നും ബോധിപ്പിച്ചിരിക്കുന്നു. കൂടാതെ തൊണ്ടിമുറിയ്ക്ക് പുറത്തു കണ്ടെത്തിയ തൊണ്ടിവകകൾ ടിയാന്റെ പേഴ്സണൽ സീൽ ഉപയോഗിച്ച് സീൽ ചെയ്ത് സുരക്ഷിതമായാണ് സൂക്ഷിച്ചിരുന്നതെന്നും COTPA കേസുകളിൽ പിടിച്ചെടുക്കുന്ന പുകയില ഉൽപ്പന്നങ്ങൾ നടപടി ക്രമങ്ങൾ പാലിച്ച് ഡിസ്പോസിബിൾ നടപടികൾ പൂർത്തിയാക്കുന്നതിനായി സൂക്ഷിച്ചുവരുന്നതായും, അബ്കാരി/NDPS കേസിലുൾപ്പെട്ട തൊണ്ടിവകകളുടെ വിവരങ്ങൾ എക്സൈസ് സാക്ഷ്യപ്പെടുത്തിയ തൊണ്ടി രജിസ്റ്ററിൽ സൂക്ഷിച്ചു വരുന്നതായും ബോധിപ്പിച്ചിരിക്കുന്നു.

4) പരിമിതമായ സാഹചര്യത്തിൽ പ്രായോഗികമായി ഓഫീസ് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനായി ശ്രീ.സുനിൽകുമാർ.സി.എസ് സ്വീകരിച്ച നടപടി പരിഗണിച്ച് ടിയാൻ സമർപ്പിച്ചിട്ടുള്ള വിശദീകരണം അംഗീകരിക്കാവുന്നതാണെന്ന് പരാർശം (5) പ്രകാരം എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5) ഇക്കാര്യം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ശ്രീ.സുനിൽകുമാർ.സി.എസ് എതിർവാദ പത്രികയിൽ ഉന്നയിച്ചിരിക്കുന്ന വാദങ്ങൾ അംഗീകരിക്കാവുന്നതായി കാണുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.സുനിൽകുമാർ. സി എസ്-ന് എതിരെ 1960-ലെ കേരളാ സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിന്മേലുള്ള മേൽ നടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ജോയിന്റ് സെക്രട്ടറി

1) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2) ശ്രീ.സുനിൽകുമാർ.സി.എസ്,എക്സൈസ് ഇൻസ്പെക്ടർ.(എക്സൈസ് കമ്മീഷണർ മുഖേന)

3) ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4) വിജിലൻസ് (എ) വകുപ്പ് (03/06/2024-ലെ VIG-A2/362/2023-VIG പ്രകാരം)
5) അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
6) വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Reese. V. A**
**Date: 17-06-2024 12:45:31**
സെക്ഷൻ ഓഫീസർ